"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ മൂക്കന്നൂർ വില്ലേജിൽ മഞ്ഞക്കാട് പാറമടയിൽ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടയിൽ നടന്ന സ്ഫോടനത്തിൽ 44 പേരുടെ വീടുകൾക്ക് ഉണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്**

**സ.ഉ.(സാധാ) നം.674/2026/RD തീയതി,തിരുവനന്തപുരം, 14-03-2026**

---

പരാമർശം:-
1. ബഹു. അങ്കമാലി ജെ.എഫ്.സി.എം. കോടതിയുടെ 12.05.202 3 ലെ 487/2023 നമ്പർ ഉത്തരവ്
2. 08/02/2020 ലെ സ.ഉ.(കൈ) നം. 48/2020/റവ. നം. സർക്കാർ ഉത്തരവ്
3. എറണാകുളം ജില്ലാ കളക്ടറുടെ 11/06/2025, 14/10/2025, 02/01/2026 എന്നീ തീയതികളിലെ DCEKM/9532/2024-D1 നം. കത്തുകൾ

**ഉത്തരവ്**

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ മൂക്കന്നൂർ വില്ലേജിൽ മഞ്ഞക്കാട് ഉള്ള പ്രവർത്തനരഹിതമായ പാറമടയിൽ വെച്ച് 03.05.2024-ൽ സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുന്നതിന് ബഹു. അങ്കമാലി ജെ.എഫ്.സി.എം. കോടതിയുടെ പരാമർശം ഉത്തരവ് പ്രകാരം നടത്തിയ നിയന്ത്രിത സ്ഫോടനത്തിൽ താമസ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. 4 4 പേർക്കാണ് നഷ്ടപരിഹാരം നൽകേണ്ടതെന്നും എല്ലാവരുടേയും നാശനഷ്ടത്തിന്റെ ശതമാനം 15% ൽ താഴെയുമാണെന്നും പരാമർശം പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുളളതാണ്.

(2) പരാമർശം സർക്കാർ ഉത്തരവ് പ്രകാരം തീപിടുത്തത്തിൽ ധനസഹായം എന്ന നിലയിൽ 1 4 % വരെയുള്ള നാശനഷ്ടത്തിന് പരമാവധി 10,000/- രൂപ ധനസഹായം വരെ അനുവദിക്കാറുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. അങ്കമാലി ജെ.എഫ്.സി.എം. കോടതിയുടെ പരാമർശം ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ മൂക്കന്നൂർ വില്ലേജിൽ മഞ്ഞക്കാട് പാറമടയിൽ സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുന്നതിന് നടത്തിയ നിയന്ത്രിത സ്ഫോടനത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 44 പേർക്ക് വാർഷിക വരുമാനം പരിഗണിക്കാതെ ഒരോരുത്തർക്കും 10,000/- രൂപ വീതം ആകെ 4,40,000/- രൂപ (നാല് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന 4,40,000/- രൂപ (നാല് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, എറണാകുളം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ ഫയൽ / ഓഫീസ് കോപ്പി(REV-DRF-A3/92/2024-REV )

ഉത്തരവിൻ പ്രകാരം

Signed by

Maheswari A

Date: 14-03-2026 21:53:06

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്